പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5841      27.10.2011 – ൽ മറുപടിയ്ക്ക്

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വാട്ടർഷെഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ വാട്ടർഷെഡ് പദ്ധതി നടന്നുവരുന്നു; | (എ) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ RIDF XIII -ൽ ഉൾപ്പെടുത്തി തേവന്നൂർ വാട്ടർഷെഡ് പദ്ധതി മണ്ണു സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു. തേവന്നൂർ പദ്ധതിയുടെ പദ്ധതി പ്രദേശം ഉമ്മന്നൂർ പഞ്ചായത്തിലും ചടയമംഗലം ബ്ലോക്കിൽപ്പെടുന്ന ഇളമാട് പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്നു. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വാട്ടർഷെഡ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |
| (ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (ബി) | RIDF XIII -ഘട്ടത്തിൽ അനുമതി നൽകിയ തേവന്നൂർ പദ്ധതി 463 ഹെക്ടർ പ്രദേശത്തിന്റെ വികസനത്തിനായി 92 ലക്ഷം രൂപയുടെ പദ്ധതി അടങ്കൽ വരുന്നതാണ്. തേവന്നൂർ പദ്ധതിയുടെ 283 ഹെക്ടർ പ്രദേശം ഇളമാട് പഞ്ചായത്തിലും 180 ഹെക്ടർ ഉമ്മന്നൂർ പഞ്ചായത്തിലുമാണ് സ്ഥിതി ചെയ്യുന്നത്. വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൻകീഴിൽ കോണ്ടൂർ ബണ്ട്, മൺകയ്യാല, ബണ്ടിനുമുകളിൽ പുല്ല്വെച്ച് പിടിപ്പിക്കൽ, മഴക്കുഴികൾ, താങ്ങ്ഭിത്തി നിർമ്മാണം, തടയണ നിർമ്മാണം, എന്നീ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി)ഒരോ പദ്ധതിയുടേയും അടങ്കൽ തുകയും നിർമ്മാണത്തിന്റെ പുരോഗതിയും വിശദമാക്കുമോ? | (സി) | തേവന്നൂർ പദ്ധതിയുടെ അടങ്കൽ തുക 92 ലക്ഷം രൂപയാണ്. നാളിതുവരെ 52.18 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ ബന്ധപ്പെട്ട ഫയലുകൾ എല്ലാം വിജിലൻസ് വകുപ്പിന്റെ കൈവശമുള്ളതിനാലും പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ